(ഇ-ജി) കാർഷിക സർവ്വകലാശാലയിൽ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതിലുള്ള സാമ്പത്തിക ഇടപാടുകൾ സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിച്ചതിൽ പദ്ധതി നടപ്പിൽ സാമ്പത്തിക ക്രമക്കേടുകളും ഫണ്ട് തിരിമറിയും നടത്തിയതായി കണ്ടെത്തിയിട്ടുള്ളതു. കാർഷിക സർവ്വകലാശാലയിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എച്ച്) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്റ്റേജ് അറിയിക്കുവാൻ വിജിലൻസ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഐ) ജനകീയാസൂത്രണ സെല്ലിന്റെ പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. സുബ്രഹ്മണ്യ അയ്യർ ചെലവാക്കിയ തുകയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഈ ഉദ്യോഗസ്ഥർ അന്വേഷണ വിധേയമായി സസ്പെൻഷനിൽ പോയതിനാൽ ടി പദ്ധതിയുടെ മേൽനോട്ടം വഹിച്ചിരുന്ന ഡയറക്ടർ ഓഫ് എക്സ്റ്റൻഷനിൽ നിന്ന് മറുപടി ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. സുബ്രഹ്മണ്യ അയ്യർ 3,72,377 രൂപ സർവ്വകലാശാലയിൽ തിരികെ അടച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് തുക വാങ്ങിയതിലുള്ള ക്രമക്കേടുകൾ

95 (2544) ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഫണ്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ആർക്കെല്ലാം ഷോക്കോസ് നോട്ടീസ് നല്കിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണ് ഷോക്കോസ് നോട്ടീസ് നല്കിയത് ;

(സി) പ്രസ്തുത നോട്ടീസിന് ഏത് തീയതിക്കുള്ളിൽ മറുപടി നല്കണമെന്നാണ് ആവശ്യപ്പെട്ടത് ;

(ഡി) അതനുസരിച്ച് മറുപടി നല്കിയോ ;

(ഇ) ഇല്ലെങ്കിൽ എന്തെല്ലാം അന്തര നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഷോക്കോസ് നോട്ടീസിന്റെയും മറുപടികളുടെയും കോപ്പി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജനകീയാസൂത്രണത്തിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ ശ്രീ. എം. സുബ്രഹ്മണ്യ അയ്യരെ അന്വേഷണ വിധേയനായി ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അസോസിയേറ്റ് പ്രൊഫസറായ ഡോ. ആർ. ഗോപിനാഥന് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഗാലസ "....." പദ്ധതി നടപ്പിലാക്കുന്നതിൽ സർവ്വകലാശാലയുടെ അനുമതി കൂടാതെ പണം കൈപ്പറ്റിയെന്നുള്ളതിനാണ് നോട്ടീസ് നല്കിയിട്ടുള്ളത്.

(സി) ഏഴ് ദിവസത്തിനകം മറുപടി നല്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

(ഡി) നല്കി.

(ഇ) ബാധകമല്ല.

(എഫ്) ഷോക്കോസ് നോട്ടീസിന്റെയും മറുപടിയുടെയും കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

കേരള കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. നടപ്പാക്കിയതിനോടനുബന്ധിച്ചുള്ള ക്രമക്കേടുകൾ

96 (2545) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. സി. പി. മുഹമ്മദ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ യു. ജി. സി. നടപ്പാക്കിയതിനോടനുബന്ധിച്ച് ക്രമരഹിതമായി എന്ത് തുകയ്ക്കുള്ള ആനുകൂല്യം അവിടത്തെ ടീച്ചിംഗ് സ്റ്റാഫിന് നല്കിയതായാണ് ഫൈനാൻസ് ഇൻസ്പെക്ഷൻവിംഗ് പ്രസ്തുത സർവ്വകലാശാലയുടെ ഇതു സംബന്ധിച്ച നടപടികൾ പരിശോധിച്ചശേഷം റിപ്പോർട്ട് നല്കിയത് ;

(ബി) ഇപ്രകാരം ക്രമരഹിതമായി അധിക തുക ലഭിച്ചവരിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അഡീഷണൽ പ്രൊഫസർ എന്നീ ഗ്രേഡിലുള്ളവർക്കും ലക്ചർമാർക്കും കുടിശ്ശികയിനത്തിൽ ശരാശരി എന്തു തുകയുടെ പ്രയോജനം ഉണ്ടായി ;

(സി) ഇപ്രകാരം ക്രമരഹിതമായി അധിക തുക നല്കിയതിന്റെ ഫലമായി വിവിധ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് പ്രതിവർഷം ആവർത്തനചെലവായി എന്ത് തുകയുടെ അധിക ചെലവ് വരുന്നുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly